തിരുവനന്തപുരം റവന്യൂ ഡിവിഷൻ വിഭജനം

191. [960] ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റവന്യൂ ഡിവിഷൻ ഓഫീസ് രണ്ടായി വിഭജിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പുതിയ റവന്യൂ ഡിവിഷൻ ഓഫീസ് നെയ്യാറ്റിൻകരയ്ക്കും നെടുമങ്ങാടിനും മദ്ധ്യേയുള്ള കാട്ടാക്കടയിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) പുതിയ റവന്യൂ ഡിവിഷൻ ഓഫീസുകളുടെ രൂപീകരണം സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തുമെന്നതിനാലും സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്തും റവന്യൂ ഡിവിഷൻ രൂപീകരണം ഇപ്പോൾ പരിഗണനയിലില്ല.

സുനാമി ദുരന്തത്തെ തുടർന്ന് ലഭിച്ച സാമ്പത്തിക സഹായം

192. [961] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം സുനാമി ദുരന്തത്തിനിരയായി സംസ്ഥാനത്ത് എത്രപേരാണ് മരണപ്പെട്ടിട്ടുള്ളത് ;

(ബി) സുനാമി ദുരന്തം മൂലം എത്ര കോടി രൂപയുടെ നാശനഷ്ടമാണ് ഉണ്ടായിരിക്കുന്നതെന്ന് അറിയിക്കാമോ ;

(സി) വിദേശത്തുനിന്ന് എന്തെങ്കിലും ധനസഹായം സർക്കാരിന് ലഭിച്ചിട്ടുണ്ടെങ്കിൽ വിശദീകരിക്കാമോ ?

ഉത്തരം

(എ) 266 പേർ മരണപ്പെട്ടു.

(ബി) കേന്ദ്ര സഹായം അഭ്യർത്ഥിച്ചുകൊണ്ട് സമർപ്പിച്ച നിർദ്ദേശ പ്രകാരം സുനാമി ദുരന്തം മൂലം ഉണ്ടായ നാശനഷ്ടം 2371.02 കോടി രൂപയായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

(സി) എ.ഡി. ബി. യിൽ നിന്നും 66.26 ദശലക്ഷം യു. എസ്. ഡോളർ ധനസഹായം അനുവദിച്ചിട്ടുണ്ട്. അതിൽ 32.45 ദശലക്ഷം യു. എസ്. ഡോളർ വായ്പയായും ബാക്കി തുക ഗ്രാന്റ് ആയും ആണ് ലഭിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly